# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 542

01.12.2015-ലെ മറുപടിയ്ക്ക്

## കൺസ്യൂമർ ഫെഡ് അഴിമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കൺസ്യൂമർ ഫെഡറേഷൻ ചെയർമാൻ സ്ഥാനത്ത് നിന്ന് ശ്രീ. ജോയ് തോമസിനെ നീക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് ആരിൽ നിന്നെല്ലാം കത്തുകൾ ലഭിച്ചിട്ടുണ്ടായിരുന്നു; വിശദമാക്കുമോ; | (എ) | കൺസ്യൂമർഫെഡറേഷൻ ചെയർമാൻ സ്ഥാനത്തു നിന്ന് ശ്രീ.ജോയ് തോമസിനെ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ.പി.കൃഷ്ണൻകുട്ടി, ശ്രീ.ബെന്നി പെരുവന്താനം എന്നിവരിൽ നിന്നും കത്തുകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | സർക്കാരിന് ലഭിച്ച കത്തുകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) യും (സി) യും | കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ വിജിലൻസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിലും, കേരള സഹകരണ നിയമം, ചട്ടങ്ങൾ, നിയമാവലി വ്യവസ്ഥകൾ എന്നിവയ്ക്കനുസൃതമായി കൺസ്യൂമർ ഫെഡറേഷൻ ഭരണസമിതി ചുമതലകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർക്ക് ബോധ്യപ്പെട്ട സാഹചര്യത്തിലും സഹകരണ നിയമം വകുപ്പ് 32(1)(ഡി) പ്രകാരവും, 2011 ലെ 97-ാം ഭരണ ഘടനാ ഭേദഗതി നിയമം ഭാഗം IXB 243 ZL പ്രകാരവും |
| (സി) | പരാതികളുടെയും വിജിലൻസ് അന്വേഷണ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ, ഭരണസമിതിക്കെതിരെ സഹകരണ നിയമാനുസൃതം സ്വീകരിച്ച നടപടി എന്താണ്; വിശദമാക്കാമോ; ഇക്കാര്യത്തിലെ നിയമവ്യവസ്ഥകൾ വിശദമാക്കാമോ? | | |

കൺസ്യൂമർഫെഡ് ഭരണ സമിതിയെ സസ്പെന്റ് ചെയ്യുകയും സഹകരണ സംഘം രജിസ്ട്രാറുടെ 25.9.2015 ലെ CS(1) 25788/2015 നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറെ കൺസ്യൂമർ ഫെഡറേഷന്റെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ